പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .206

05.03.2012-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ കാര്യക്ഷമമാക്കാൻ നടപടി

ചോദ്യം / മറുപടി

| | | | |
|---|---|---|---|
| | ശ്രീ. പി. തിലോത്തമൻ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ നിലവിൽ വന്നിട്ടും മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മത്സ്യത്തൊഴിലാളികളുടെ കടം സംബന്ധിച്ച ചില്ലറ പ്രശ്നങ്ങൾ അവശേഷിക്കുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (ബി) | മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; കമ്മീഷൻ പരിഗണിച്ച അർഹരായ മത്സ്യത്തൊഴിലാളികളുടെ കടം എഴുതിത്തള്ളാൻ ഫണ്ട് നീക്കി വച്ചിട്ടുണ്ടോ; എങ്കിൽ എത്രയാണെന്ന് വ്യക്ത മാക്കുമോ; | (ബി) | 21.01.2009-ൽ 3 വർഷത്തെ കാലാവധിയിൽ നിലവിൽ വന്ന കമ്മീഷൻ 21.01.2012-ന് കാലാവധി പൂർത്തീകരിച്ചു. മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ പുനഃസംഘടിപ്പിക്കുവാൻ 29.02.2012-ലെ മന്ത്രി സഭായോഗം തീരുമാനമെടുത്തിട്ടുണ്ട്. സഹകരണ ബാങ്ക്/മത്സ്യഫെഡ് എന്നീ സ്ഥാപനങ്ങളുടെ വായ്പകളിൻ മേൽ കടാശ്വാസം നൽകുന്നതിന് ആവശ്യമായ തുകയുടെ ആദ്യ ഗഡുവായി 100 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. |
| (സി) | മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ കൂടുതൽ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് ഈ സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ? | (സി) | നിലവിലുള്ള കമ്മീഷൻ അതിന്റെ ലക്ഷ്യപ്രാപ്തിക്ക് പര്യാപ്തമാണ്. |

സെക്ഷൻ ഓഫീസർ